ഡബ്ല്യുഇ./68075/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 18.09.2017

# സർക്കുലർ

വിഷയം : പൊതു വിദ്യാഭ്യാസം -2017-18 കേരള സംസ്ഥാന സ്കൂൾ പ്രവൃത്തി പരിചയ മേള - ഉപജില്ല, റവന്യൂ ജില്ല, സംസ്ഥാന തല മേളകൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

2017-18 കേരള സംസ്ഥാന സ്കൂൾ പ്രവൃത്തി പരിചയ മേള 2017 നവംബർ മാസം കോഴിക്കോട് വെച്ച് നടക്കുകയാണ്. അതിനു മുൻപായി സ്കൂൾ, ഉപജില്ല, റവന്യൂ ജില്ലാ മേളകൾ പൂർത്തിയാക്കേണ്ടതാണ്. പ്രവൃത്തി പരിചയ മേളകളുടെ സുഗമമായ നടത്തിപ്പിനും വിദ്യാർത്ഥികളുടേയും സംഘാടകരുടെയും അദ്ധ്യാന ഭാരം കുറയ്ക്കുന്നതിനും ചുവടെ ചേർക്കുന്ന വിഷയാനുസൃത നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. **മുത്തുകൾ കൊണ്ടുള്ള ഉല്പന്നങ്ങൾ (Beads work):-**

ജഡ്ജസ് നൽകുന്ന ഡിസൈൻ/ഇനങ്ങൾ മാത്രം തയ്യാറാക്കുക.

2. **ബുക്ക് ബൈന്റിംഗ് (Book Binding) :-**

43 C.M X 69 C.M വലിപ്പത്തിലുള്ള 60 ഷീറ്റുകൾ അല്ലെങ്കിൽ 43 C.M X 34.5 C.M വലിപ്പത്തിലുള്ള 120 ഷീറ്റുകൾ വേണം കൊണ്ടു വരേണ്ടത്. ജഡ്ജ്/ഇൻവിജിലേറ്റർ ഒപ്പിട്ടു നൽകുന്ന പേപ്പർ ഓരോ ബുക്കിലും ഉണ്ടാവണം.
വ്യത്യസ്ത ബയന്റിംഗ് രീതികൾ (Full Calico, 1/2 calico, & quarter calico), വ്യത്യസ്ത ബുക്കുകൾ (account book, note book, note book drawn on cover, writing pad etc) സെക്ഷനുകളുടെ എണ്ണം, വലിപ്പം വ്യത്യസ്ത സ്വീയിംഗ് എന്നിവ ഉൾപ്പെടുത്തി വേണം ജഡ്ജ്മാർ ചോദ്യം തയ്യാറാക്കേണ്ടത്. ഉണ്ടാക്കേണ്ട ബുക്കുകളുടെ എണ്ണവും ചോദ്യത്തിലുണ്ടാവണം. പരമാവധി 8 ല് കൂടുതൽ ബുക്കുകൾ നിർമ്മിക്കാൻ പാടില്ല. ജഡ്ജ്മാർ വാചാ പരീക്ഷ (Viva) നടത്തണം.

3. **മുകുളങ്ങൾ ഒട്ടിക്കൽ, പതി വയ്ക്കൽ, കമ്പുകൾ ഒട്ടിക്കൽ മുതലായവ (Budding, Layering & Grafting) :**

ഓരോ ഇനത്തിലും നേരത്തെ ചെയ്തവ (ആകെ 3 എണ്ണം) പ്രദർശിപ്പിക്കാം. ഓരോ ഇനത്തിലും പരമാവധി 2 എണ്ണം വീതം ചെയ്തു കാണിയ്ക്കാം.നഴ്സറി പ്രദർശനം പാടില്ല.

4. **ചെലവ് ചുരുങ്ങിയ പോഷകാഹാര വിഭവങ്ങൾ (Economic Nutritions Food Items) :**

പരമാവധി 10 ഇനങ്ങൾ മാത്രം തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക.

5. **വൈദ്യുത വയറിംഗ് (Electrical Wiring) :-**

ബോർഡ് വലിപ്പം 150 C.M X 105 C.M ൽ കൂടാൻ പാടില്ല. 1 ബോർഡ് മാത്രം ഉപയോഗിക്കുക.

6. **വെജിറ്റബിൾ പ്രിന്റിംഗ് :**

**എൽ.പി തലത്തിൽ -**

1 പില്ലോ കവറും 1 ടേബിൾ ക്ലോത്തും

**യു.പി.തലത്തിൽ -**

100 C.M X 100 C.M വലിപ്പമുള്ള 1 ടേബിൾ ക്ലോത്തും
160 C.M X 212 C.M (Single) വലിപ്പമുള്ള 1 ബെഡ്ഷീറ്റും പ്രിന്റ് ചെയ്യുക.

എച്ച്.എസ് & എച്ച്.എസ്.എസ് തലത്തിൽ –

ഒരു സാരിയും 160 C.M X 212 C.M (Single) വലിപ്പമുള്ള 1 ബെഡ്ഷീറ്റും പ്രിന്റ് ചെയ്യുക.

7. **പച്ചക്കറി പഴവർഗ്ഗ സംസ്ക്കരണം (Fruit Preservation):**

പരമാവധി 10 ഇനങ്ങൾ മാത്രം തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുക.

8. **ബാഡ്മിന്റൺ നെറ്റ്/വോളി ബോൾ നെറ്റ് നിർമ്മാണം :-**

ഉപയോഗിക്കുന്ന നൂലുകളുടെ നമ്പർ, ബാഡ്മിന്റൺ നെറ്റ്–2 ഉം വോളിബോൾ നെറ്റ് 10, 4 & 6 ഉം ആയിരിക്കണം.

9. **പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം (Products Using Waste Materials):**

കൗതുക വസ്തുക്കൾ, പഠന സഹായികൾ, സാമൂഹ്യ പ്രസക്തിയുള്ള വസ്തുക്കൾ ഇവയിൽ ഓരോ ഇനത്തിലും പരമാവധി 3 എണ്ണം വീതം മാത്രം നിർമ്മിക്കുക.

10. **പാവകളിക്കുള്ള പാവ നിർമ്മാണം(Puppetry):-**

പാവകളിക്കുവേണ്ടി സ്റ്റേജ് പാടില്ല. സ്റ്റേജ് ഇല്ലാതെ അവതരിപ്പിക്കണം.

11. **മരത്തിൽ കൊത്തു പണികൾ :-**

ജഡ്ജസ് നൽകുന്ന ചിത്രത്തിനനുസരിച്ചാകണം കൊത്തു പണികൾ ചെയ്യേണ്ടത്. 40 C.M X 40 C.M അളവിലുള്ള പലകയാകണം ഉപയോഗിക്കേണ്ടത്.

12. **എഴുതുന്നതിനുള്ള ചോക്ക് നിർമ്മാണം (Writing Chalk Making) :**

48 എണ്ണമുള്ള ഒരു സ്റ്റൻഡേർഡ് മോൾഡ് മാത്രം ഉപയോഗിക്കുക.

13. **പ്ലാസ്റ്റർ ഓഫ് പാരീസ് ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിയ്ക്കൽ :-**

2 മോൾഡുകൾ മാത്രമേ ഉപയോഗിക്കാവൂ. 5 രൂപങ്ങൾ വീതം ആകെ 10 രൂപങ്ങൾ മാത്രം

**(പ്രവൃത്തി പരിചയ നിർമ്മാണ മത്സരങ്ങളിൽ പരമാവധി മത്സരയിനങ്ങൾക്ക് ചോദ്യങ്ങൾ നൽകേണ്ടതാണ്)**

റവന്യൂ ജില്ലാതലത്തിൽ 1–ാം ദിവസം നടക്കുന്ന എൽ.പി.&യു.പി തലത്തിലെയും 2–ാം ദിവസം നടക്കുന്ന എച്ച്.എസ് & എച്ച്.എസ്.എസ്. തലത്തിലെയും On the Spot മത്സരത്തിലെ ഉത്പന്നങ്ങൾ 3–ാം ദിവസം നടക്കുന്ന പ്രദർശനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. അതുപോലെ സംസ്ഥാനതല മേളയിൽ 1–ാം ദിവസത്തെ യു.പി.തലത്തിലെ മത്സരത്തിലെ ഉത്പന്നങ്ങൾ 2–ാം ദിവസം പ്രദർശിപ്പിക്കേണ്ടതും 2–ാം ദിവസത്തെ എച്ച്.എസ്.&എച്ച്.എസ്.എസ് മത്സരങ്ങളിലെ ഉത്പന്നങ്ങൾ കൂടി ഉൾപ്പെടുത്തി 3–ാം ദിവസത്തെ പ്രദർശന മത്സരത്തിൽ എല്ലാ ജില്ലകളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

ജിമ്മി.കെ.ജോസ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

പകർപ്പ് :1.എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,ഹെഡ്മാസ്റ്റർ മാർക്കും ഇതിന്റെ പകർപ്പ് നൽകേണ്ടതാണ് )
2.കരുതൽ ശേഖരം

DIRECTORATE OF PUBLIC INSTRUCTION
JAGATHY, TVPM-14